

**ഇവൻ തകർക്കും....** കോട്ടയത്ത് ബി.സി.എം.കോളേജിൽനടന്ന ചടങ്ങിൽ ലോഞ്ചിങ് നടത്തിയ നീരപാനീയം കുടിച്ചുനോക്കിയശേഷം അഭിപ്രായം പറയുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടി. മന്ത്രിമാരായ കെ.ബാബു, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്.കുര്യൻ, നാളികേര വികസനബോർഡ് ചെയർമാൻ ടി.കെ.ജോസ്, എസ്.സി.എം.എസ്ഗ്രൂപ്പ്സ് ചെയർമാൻ ജി.പി.സി നായർ, സുരേഷ്കുറുപ്പ് എം.എൽ.എ തുടങ്ങിയവർ സമീപം

# നീര ഉല്പാദനത്തിനും വിപണനത്തിനും തുടക്കമായി

**കോട്ടയം:** കേരള കർഷകരുടെ ചിരകാല സ്വപ്നത്തിന് സാക്ഷാത്കാരം. സംസ്ഥാനത്ത് നീര ഉല്പാദനത്തിനും ഉല്പന്ന വിപണനത്തിനും ഔപചാരിക തുടക്കമായി. കോട്ടയം ബി.സി. എം. കോളേജ് ഓഡിറ്റോറിയത്തിൽ കർഷകരും തൊഴിലാളികളുമടക്കം ആയിരങ്ങൾ പങ്കെടുത്ത സമ്മേളനത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നീരയുടെ ലോഞ്ചിങ്ങും ആദ്യ ലൈസൻസ് വിതരണവും നിർവഹിച്ചു.

സംസ്ഥാനത്തെ കേരകർഷകരുടെ വരുമാനത്തിലും കേരളത്തിന്റെ സമ്പദ്ഘടനയിലും വിസ്മയകരമായ വളർച്ചയ്ക്ക് നീര ഉല്പാദനം വഴിതുറക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഒരു തെങ്ങിൽനിന്ന് ശരാശരി ഒരുമാസം 1500 രൂപയുടെ വരുമാനം നീര ഉല്പാദനത്തിലൂടെ ലഭിക്കുമെന്നാണ് നാളികേര വികസനബോർഡിന്റെ കണക്ക്. അങ്ങനെയെങ്കിൽ സംസ്ഥാനത്ത് മൊത്തമുള്ള 18 കോടി തെങ്ങുകളിൽ ഒരു ശതമാനം നീര ഉല്പാദനത്തിനായി വിനിയോഗിച്ചാൽപോലും പ്രതിവർഷം 5400 കോടിയുടെ വരുമാനമുണ്ടാകും. ഒപ്പം ലക്ഷക്കണക്കിന് തൊഴിലവസരങ്ങളും. അന്താരാഷ്ട്ര വിപണി വില പ്രകാരം ഒരു ബാരൽ ക്രൂഡോയിലിനേക്കാൾ വില ഒരു ഗ്യാലൻ നീരയ്ക്കുണ്ട്.

എക്സൈസ് മന്ത്രി കെ. ബാബു അധ്യക്ഷതവഹിച്ചു.

1902 ൽ സംസ്ഥാനത്ത് അബ്കാരി നിയമം നിലവിൽവന്നതുമുതൽ കർഷകർ നടത്തുന്ന മുറവിളിയാണിപ്പോൾ യാഥാർഥ്യമാകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

നീര ടെക്നീഷ്യന്മാർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ലോഞ്ചിങ്ങും മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. നീര ഉല്പാദന ഉപകരണങ്ങളുടെ വിതരണവും നടന്നു. 'ശാസ്ത്രീയമായ നീര ശേഖരണവും സംസ്കരണവും' എന്ന വിഷയത്തിന്റെ അവതരണവും ലഘുലേഖ പ്രകാശനവും കൊച്ചി എസ്.ഡി.സി.എം. എസ്. ഗ്രൂപ്പ് ചെയർമാൻ ഡോ. ജി.പി.സി.നായർ നിർവഹിച്ചു.

## നീര ഉദ്ഘാടനച്ചടങ്ങിൽ മുഖ്യമന്ത്രി

**'വിവാദങ്ങൾ സംസ്ഥാനത്തിന്റെ വികസന സാധ്യതകളെ പിന്നോട്ടടിക്കുകയാണ്. കടലിൽ നിന്ന് മണൽ സംഭരിക്കുന്നതുമുതൽ ധാതുമണൽ ഖനനം വരെ എല്ലാരംഗത്തും വിവാദങ്ങളാണ്. സീ-പ്ലെയിൻ പദ്ധതി ഉദ്ഘാടനം ചെയ്തു. പക്ഷേ, പദ്ധതി ഉദ്ഘാടനം കൊണ്ടവസാനിച്ചു. ഉദ്ഘാടനം ചെയ്ത താൻ നാണംകെട്ടത് മിച്ചം'**